# PSC Nursery School Teacher - Scheduled Tribe Development Examination
# Previous Year Question Paper

***Exam Name:*** *Nursery School Teacher - Scheduled Tribe Development*

***Date of Test : 22.07.2016***

***Question Paper Code: 091/2016***

***Medium of Questions: Malayalam***

PSCNET.in

# 091/2016

Maximum : 100 marks

Time : 1 hour and 15 minutes

1. ചേഷ്ടാവാദത്തിന്റെ പിതാവായി കണക്കാക്കപ്പെടുന്ന ശാസ്ത്രജ്ഞൻ :
   - (A) ജെ.ബി. വാട്സൺ
   - (B) പാവ്‌ലോവ്
   - (C) ജോൺ ഡ്യൂയി
   - (D) ടോൾമാൻ

2. നവജാത ശിശുവിന്റെ മനസ്സ് വെള്ളക്കടലാസ്സുപോലെയാണെന്ന് അഭിപ്രായപ്പെട്ട വിദ്യാഭ്യാസ വിചക്ഷണൻ :
   - (A) പെസ്റ്റലോസി
   - (B) കൊമീനിയസ്
   - (C) ജോൺ ലോക്ക്
   - (D) ഹെർബർട്ട് സ്പെൻസർ

3. സ്കൂൾ പഠന പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തുന്ന ഏജൻസി :
   - (A) SRG
   - (B) SSG
   - (C) CRC
   - (D) DRG

4. സംഘപഠനത്തിന്റെ ലക്ഷ്യമല്ലാത്തതേത്?
   - (A) അറിവിന്റെ സാമൂഹ്യവൽക്കരണം
   - (B) ജനാധിപത്യ മൂല്യങ്ങൾ നേടൽ
   - (C) ആവർത്തനത്തിലൂടെയുള്ള പഠനം
   - (D) സഹകരണാത്മക പഠനം

5. ട്രിപ്പിൾ വാക്സിൻ കൊണ്ട് പ്രതിരോധിക്കാവുന്ന രോഗം :
   - (A) പോളിയോ
   - (B) അഞ്ചാംപനി
   - (C) ക്ഷയം
   - (D) ടെറ്റനസ്

6. പ്രൈമറി തലത്തിൽ പാർട്ട് I മൂല്യനിർണ്ണയത്തിന്റെ ഗ്രേഡിങ്ങ് രീതി :
   - (A) 3 പോയിന്റ് ഡയറക്ട് ഗ്രേഡിങ്ങ്
   - (B) 9 പോയിന്റ് ആബ്സൊല്യൂട്ട് ഗ്രേഡിങ്ങ്
   - (C) 5 പോയിന്റ് ഡയറക്ട് ഗ്രേഡിങ്ങ്
   - (D) 5 പോയിന്റ് ആബ്സൊല്യൂട്ട് ഗ്രേഡിങ്ങ്

7. ഐക്യരാഷ്ട്ര സഭ കുട്ടികളുടെ അവകാശ പ്രഖ്യാപനം നടത്തിയ വർഷം :
   - (A) 2002
   - (B) 2006
   - (C) 2007
   - (D) 2001

8. ഉദാഹരണങ്ങളിലൂടെ താരതമ്യപഠനം നടത്തി സാമാന്യവൽക്കരണത്തിലെത്തുന്ന പഠന രീതി :
   - (A) ഉദ്ഗ്രഥന രീതി
   - (B) നിഗമന രീതി
   - (C) ആഗമന രീതി
   - (D) അപഗ്രഥന രീതി



Join PSC WhatsApp Broadcast List : 90747 20773

9. ഉദ്ദേശ്യാധിഷ്ഠിത ബോധനത്തിനും അതിനനുസൃതമായ പരീക്ഷരീതിക്കും അടിസ്ഥാനം നൽകിയ ദാർശനികൻ :
   (A) കാൾ റോജേഴ്സ്
   (B) ബെഞ്ചമിൻ എസ്. ബ്ലൂം
   (C) തോണ്ടെയ്ക്ക്
   (D) പെസ്റ്റലോസി

10. കുട്ടികളിൽ വായനശേഷിയെ ബാധിക്കുന്ന പഠന വൈകല്യം :
   (A) ഡിസ്‌ലെക്സിയ
   (B) ഡിസ്ഗ്രാഫിയ
   (C) ന്യൂറോസിസ്
   (D) ഡിസ്കാൽകുലിയ

11. ബ്രൂണറുടെ പ്രതീകാത്മക ഘട്ട (Symbolic Stage) ത്തിനു സമാനമായി പിയാഷെ നിർദ്ദേശിച്ച ഘട്ടം :
   (A) പ്രി ഓപ്പറേഷണൽ സ്റ്റേജ്
   (B) സെൻസറി മോട്ടോർ സ്റ്റേജ്
   (C) കോൺക്രീറ്റ് ഓപ്പറേഷണൽ സ്റ്റേജ്
   (D) ഫോർമൽ ഓപ്പറേഷണൽ സ്റ്റേജ്

12. പ്രീസർവ്വീസ് അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സ്ഥാപനം :
   (A) NCERT
   (B) SCERT
   (C) DIET
   (D) NCTE

13. പ്രാഗ്‌ലേഖന ശേഷി കൈവരിക്കാൻ സഹായകമായ പ്രവർത്തനം :
   (A) ചിത്രവായന
   (B) ചിത്രംവര
   (C) ആംഗ്യപ്പാട്ട്
   (D) കളിപ്പാട്ട നിർമ്മാണം

14. ഉദ്ഗ്രഥിത പഠന രീതിയുമായി ബന്ധമില്ലാത്തതേത്?
   (A) ഒരു കാര്യം പല വിഷയങ്ങളിലായി ആവർത്തിക്കേണ്ടി വരുന്നില്ല
   (B) ഒരു പ്രശ്നത്തെ പല വശങ്ങളിൽ നിന്നും കാണാൻ കഴിയുന്നു
   (C) അർത്ഥപൂർണ്ണവും പ്രസക്തവുമായ സന്ദർഭങ്ങൾ അവതരിപ്പിക്കുന്നു
   (D) അറിവിനെ ശകലിതരൂപത്തിൽ അവതരിപ്പിക്കാൻ കഴിയുന്നു

15. ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റിയുടെ ദേശീയ പ്രസിഡന്റ് :
   (A) പ്രധാനമന്ത്രി
   (B) ആരോഗ്യവകുപ്പ് മന്ത്രി
   (C) രാഷ്ട്രപതി
   (D) മാനവശേഷി വികസന വകുപ്പ് മന്ത്രി

16. ചൂടാക്കുമ്പോൾ ഭക്ഷ്യസാധനങ്ങളിൽ നിന്നും നഷ്ടപ്പെടുന്ന ജീവകം :
   (A) ജീവകം K
   (B) ജീവകം C
   (C) ജീവകം D
   (D) ജീവകം B



Join PSC WhatsApp Broadcast List : 90747 20773

17. വൈഗോട്സ്കിയുടെ സിദ്ധാന്തവുമായി യോജിക്കുന്ന പ്രസ്താവനയേത്?
   (A) കുട്ടിയുടെ വളർച്ച ആദ്യം വ്യക്തിഗതമായും പിന്നീട് സാമൂഹികമായും നടക്കുന്നു
   (B) പഠനം ജീവശാസ്ത്രപരമായ ഒരു പ്രക്രിയ മാത്രമാണ്
   (C) സമൂഹവുമായുള്ള സംവാദത്തിലൂടെയാണ് പഠനം നടക്കുന്നത്
   (D) അദ്ധ്യാപകൻ കൈത്താങ്ങ് നൽകേണ്ടത് പഠനത്തിന് അത്യാവശ്യമാണ്

18. ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നത് ആരുടെ ജന്മദിനമാണ്?
   (A) മൗലാനാ അബ്ദുൾ കലാം ആസാദ്
   (B) എസ്. രാധാകൃഷ്ണൻ
   (C) രവീന്ദ്രനാഥടാഗോർ
   (D) അരവിന്ദഘോഷ്

19. 'വിദ്യാഭ്യാസം ജീവിതം തന്നെയാണ്. ജീവിക്കാൻ വേണ്ടിയുള്ള ഒരു തയ്യാറെടുപ്പല്ല' എന്നു പറഞ്ഞ ദാർശനികൻ :
   (A) ജോൺ ഡ്യൂയി
   (B) പൗലോ ഫ്രെയർ
   (C) ഇവാൻ ഇല്ലിച്ച്
   (D) റൂസ്സോ

20. UNICEF ന് സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ച വർഷം :
   (A) 1968
   (B) 1948
   (C) 1955
   (D) 1965

21. അനൗപചാരിക വിദ്യാഭ്യാസ ഏജൻസികൾ ഏറ്റവും പ്രയാസം നേരിടുന്ന മേഖല :
   (A) പാഠ്യപദ്ധതി രൂപീകരണം
   (B) മൂല്യനിർണ്ണയം
   (C) പഠിതാക്കളെ കണ്ടെത്തൽ
   (D) പഠിതാക്കളിൽ താത്പര്യമുണ്ടാക്കൽ

22. സംസ്ഥാനതലത്തിൽ പാഠ്യപദ്ധതി, പാഠപുസ്തകം മുതലായവ തയ്യാറാക്കേണ്ട ചുമതല വഹിക്കുന്നത് :
   (A) I.T. @ school
   (B) SCERT
   (C) SSA
   (D) SIET

23. മാതൃസമാജം (MTA) വിദ്യാലയങ്ങളിൽ അനുഷ്ഠിക്കുന്ന ധർമ്മം :
   (A) ഉച്ചഭക്ഷണ വിതരണം - മേൽനോട്ടം
   (B) പെൺകുട്ടികളുടെ സുരക്ഷ ഉറപ്പാക്കൽ
   (C) വിദ്യാലയത്തേയും വീടിനെയും പരസ്പരം ബന്ധിപ്പിക്കൽ
   (D) ഗൃഹപാഠങ്ങൾ ചെയ്യുന്നുവെന്ന് ഉറപ്പാക്കൽ

24. പ്രൊജക്റ്റ് രീതിയുടെ ഉപജ്ഞാതാവ് :
   (A) ചാൾസ് പിയേഴ്സ്
   (B) സ്പെൻസർ
   (C) എഡ്ഗാർഡെയ്ൽ
   (D) ആൽഫ്രഡ് ബിനെ



Join PSC WhatsApp Broadcast List : 90747 20773

25. തന്ത്രിക നിർണ്ണയത്തിനായി വിദ്യാലയങ്ങളിൽ കണക്കെടുക്കുന്ന ദിവസം :
(A) ഒന്നാം പ്രവൃത്തി ദിനം
(B) ആറാം പ്രവൃത്തി ദിനം
(C) അഞ്ചാം പ്രവൃത്തി ദിനം
(D) ജൂൺ 5

26. രണ്ടു വയസ്സ് പ്രായമുള്ള ഒരു കുട്ടിയുടെ ഏകദേശ പദസമ്പത്ത് :
(A) 150 വാക്കുകൾ
(B) 200 വാക്കുകൾ
(C) 250 വാക്കുകൾ
(D) 100 വാക്കുകൾ

27. കാഴ്ചശക്തിയെ സഹായിക്കുന്ന ജീവകം :
(A) ജീവകം എ
(B) ജീവകം ബി
(C) ജീവകം സി
(D) ജീവകം ഡി

28. 'പരീക്ഷാസമ്പ്രദായത്തെ ഘടനാപരമായോ പ്രക്രിയാപരമായോ പരിഷ്ക്കരിക്കാൻ ഒരു ധൈഷണിക നവോത്ഥാനത്തിന്റെ ആവശ്യമൊന്നുമില്ല' എന്നഭിപ്രായപ്പെട്ടത് :
(A) മുതലിയാർ കമ്മീഷൻ
(B) കോത്താരി കമ്മീഷൻ
(C) യശ്പാൽ കമ്മിറ്റി
(D) രാധാകൃഷ്ണൻ കമ്മീഷൻ

29. പഠനരീതികളിൽ ഉണ്ടായ മാറ്റത്തെ ആസ്പദമാക്കി NCERT തയ്യാറാക്കിയ ഗ്രന്ഥം :
(A) ദി ടീച്ചർ
(B) ഇന്ത്യൻ എജ്യൂക്കേഷൻ
(C) എജ്യൂക്കേഷൻ ആന്റ് സൊസൈറ്റി
(D) ദി പ്രൈമറി ഇയേഴ്സ്

30. പാവ്ലോവ് നടത്തിയ പ്രശസ്തമായ പരീക്ഷണത്തിൽ 'മണിനാദം' പ്രതിനിധാനം ചെയ്യുന്ന ആശയം :
(A) പ്രതികരണം
(B) ശീലരൂപീകരണം
(C) ചോദന
(D) പ്രബലനം

31. ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ (BRC) അദ്ധ്യാപകർക്ക് പ്രധാനമായും ലഭ്യമാക്കേണ്ടത് :
(A) റഫറൻസ് ഗ്രന്ഥങ്ങൾ
(B) പഠനോപകരണങ്ങൾ
(C) തത്സമയ പിന്തുണ
(D) കൈപ്പുസ്തകങ്ങൾ

32. പഠനയാത്ര (field trip) കളുടെ പ്രധാന ഉദ്ദേശ്യം :
(A) പ്രാഥമിക സ്രോതസ്സിൽ നിന്നും വിവര ശേഖരണം നടത്തൽ
(B) പഠനം പ്രവർത്തനാധിഷ്ഠിതമാക്കൽ
(C) സഹപഠനം പ്രോത്സാഹിപ്പിക്കൽ
(D) യാത്രാക്കുറിപ്പുകൾ തയ്യാറാക്കൽ



PSCNET.in

Join PSC WhatsApp Broadcast List : 90747 20773

33. എല്ലാ കുട്ടികൾക്കും 24 മണിക്കൂറും സഹായമെത്തിക്കാൻ വേണ്ടി പ്രവർത്തിക്കുന്ന സംഘടന :
    (A) സ്റ്റുഡന്റ് പ്രൊട്ടക്ഷൻ ഫോർസ്
    (B) എൻ.സി.സി.
    (C) സ്കൂൾ ജാഗ്രതാ സമിതി
    (D) ചൈൽഡ് ലൈൻ

34. 'കേന്ദ്രീയ വിദ്യാലയങ്ങൾ' പ്രവർത്തനമാരംഭിച്ച വർഷം :
    (A) 1950
    (B) 1962
    (C) 1966
    (D) 1960

35. ഉദ്ഗ്രഥിത പഠന രീതിയെക്കുറിച്ചുള്ള ചിന്തയ്ക്ക് തുടക്കം കുറിച്ചത് :
    (A) ജോൺ ഡ്യൂയി
    (B) തോണ്ടെയ്ക്ക്
    (C) ബ്ലൂം ഫീൽഡ്
    (D) റൂസ്സോ

36. ബിഹേവിയറിസം അടിസ്ഥാനമാക്കി രൂപപ്പെടുത്തിയ പഠനരീതി :
    (A) ക്രമീകൃത പഠനം
    (B) ഉദ്ഗ്രഥന രീതി
    (C) പ്രവർത്തനാധിഷ്ഠിത പഠനം
    (D) സഹവർത്തിത പഠനം

37. ആദ്യകാല ശിശുസംരക്ഷണവും വിദ്യാഭ്യാസവും (ECCE) ജനനം മുതൽ 6 വയസ്സു വരെ എന്ന് നിശ്ചയിച്ചത് :
    (A) യശ്പാൽ കമ്മിറ്റി
    (B) കോത്താരി കമ്മീഷൻ
    (C) മുതലിയാർ കമ്മീഷൻ
    (D) രാമമൂർത്തി കമ്മിറ്റി

38. കുട്ടികൾ എല്ലാ വസ്തുക്കളിലും ജീവികളുടെ പ്രത്യേകതകൾ ആരോപിച്ച് ചിന്തിക്കുന്ന (Animistic thinking) ഘട്ടം :
    (A) ഇന്ദ്രിയചാലക ഘട്ടം
    (B) മനോവ്യാപാര പൂർവ്വ ഘട്ടം
    (C) രൂപാത്മകവ്യാപാര ഘട്ടം
    (D) ഔപചാരിക മനോവ്യാപാര ഘട്ടം

39. 9 പോയിന്റ് സ്കെയിൽ ഗ്രേഡിങ്ങിൽ $C^+$ ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥിയുടെ സ്കോർ :
    (A) 60–69
    (B) 50–59
    (C) 40–49
    (D) 30–39

40. ഭാരതീയാചാര്യന്മാർ 'ത്രിവർഗ്ഗ'ത്തിൽ ഉൾപ്പെടുത്താതിരുന്ന വിദ്യാഭ്യാസ (ജീവിത) ലക്ഷ്യം :
    (A) മോക്ഷം
    (B) ധർമ്മം
    (C) കാമം
    (D) അർത്ഥം

41. ശാസ്ത്രപ്രചരണാർത്ഥം 'കലിംഗസമ്മാനം' ഏർപ്പെടുത്തിയത് :
    (A) UNICEF
    (B) UNDP
    (C) UNESCO
    (D) UNEP



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

42. ക്ലാസ്സിൽ വ്യക്തിവ്യത്യാസങ്ങൾ അംഗീകരിക്കാനും പരിഗണിക്കാനും കാരണം :
   - (A) എല്ലാവരും ഒരു പോലെയാകണമെന്ന് നിർബന്ധിക്കാനാവില്ല
   - (B) ഒരേ പ്രശ്നത്തെ വ്യത്യസ്ത രീതിയിൽ നോക്കിക്കാണാനും പരിഹരിക്കാനും കഴിയും
   - (C) എല്ലാവരും ഒരുപോലെ ചിന്തിക്കുന്നത് അഭികാമ്യമല്ല
   - (D) ഓരോരുത്തർക്കും സ്വന്തം രീതിയിൽ ചിന്തിക്കാൻ സ്വാതന്ത്ര്യമുണ്ട്

43. ജലത്തിലൂടെ പകരാത്ത ഒരു രോഗമാണ് :
   - (A) മഞ്ഞപ്പിത്തം
   - (B) ടൈഫോയ്ഡ്
   - (C) കോളറ
   - (D) ചിക്കൻപോക്സ്

44. മൈക്രോ ടീച്ചിങ്ങ് സമ്പ്രദായം ആവിഷ്ക്കരിച്ച ശാസ്ത്രജ്ഞൻ :
   - (A) എറിച്ച് ഫ്രോം
   - (B) ജഫേഴ്സൺ
   - (C) ഡി. ഡബ്ല്യൂ അലൻ
   - (D) എ.എച്ച്. മാസ്ലോ

45. UNICEF രൂപീകൃതമായ വർഷം :
   - (A) 1946
   - (B) 1945
   - (C) 1947
   - (D) 1948

46. തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ അനുവർത്തിക്കുന്ന പഠന രീതി :
   - (A) ഔപചാരികം
   - (B) അനൗപചാരികം
   - (C) യാദൃശ്ചികം
   - (D) ഇതൊന്നുമല്ല

47. 'ജവഹർ നവോദയ വിദ്യാലയം' എന്ന ആശയം മുന്നോട്ടു വെച്ചത് :
   - (A) പി.വി. നരസിംഹ റാവു
   - (B) രാജീവ് ഗാന്ധി
   - (C) ഇന്ദിരാഗാന്ധി
   - (D) വി.പി. സിംഗ്

48. സ്ക്കൂൾ ഉച്ചഭക്ഷണക്കമ്മിറ്റിയുടെ പ്രസിഡന്റ്/ചെയർമാൻ :
   - (A) ഹെഡ്മാസ്റ്റർ
   - (B) വാർഡ് മെമ്പർ (ഗ്രാമപഞ്ചായത്ത്)
   - (C) മാതൃസമാജം പ്രസിഡന്റ്
   - (D) പി.ടി.എ. പ്രസിഡന്റ്

49. ഭാഷാപഠനത്തെക്കുറിച്ച് പിയാഷെ അവതരിപ്പിച്ച നിലപാട് ഏതാണ്?
   - (A) ചിന്തയെ നിർണ്ണയിക്കുന്നത് ഭാഷയാണ്
   - (B) ഭാഷയെ നിർണ്ണയിക്കുന്നത് ചിന്തയാണ്
   - (C) ചിന്തയും ഭാഷയും പരസ്പരം സ്വാധീനിക്കുന്നു
   - (D) ഭാഷയുടെ വികാസം സമൂഹത്തിൽ നിന്ന് വ്യക്തിയിലേക്കാണ്

PSCNET.in



Join PSC WhatsApp Broadcast List : 90747 20773

50. മാർക്ക് നല്കിയശേഷം അതിനെ ഗ്രേഡാക്കി മാറ്റുന്ന രീതിയാണ് :

(A) നേരിട്ടുള്ള ഗ്രേഡിങ്ങ്
(B) കേവല ഗ്രേഡിങ്ങ്
(C) പ്രതിമാനാനുസൃത ഗ്രേഡിങ്ങ്
(D) ആനുപാതിക ഗ്രേഡിങ്ങ്

51. വൈകാരിക ബുദ്ധി (Emotional quotient) എന്ന ആശയം അവതരിപ്പിച്ച ശാസ്ത്രജ്ഞൻ :

(A) തേഴ്സ്റ്റൺ
(B) സ്പിയർമാൻ
(C) ഡേവിഡ് വെഷ്ലർ
(D) ഗോൾമാൻ

52. സംഘപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് ഏത് ഭൗതിക മേഖലയുടെ വളർച്ചയ്ക്ക് സഹായകമാണ്?

(A) ആന്തരിക വൈയക്തിക ബുദ്ധി
(B) ദൃശ്യസ്ഥലപര ബുദ്ധി
(C) പ്രകൃതിപരമായ ബുദ്ധി
(D) വ്യക്ത്യാന്തര ബുദ്ധി

53. ജൂനിയർ റെഡ് ക്രോസിന്റെ (JRC) കർമ്മ പരിപാടിയിൽ ഉൾപ്പെടാത്തതാണ് :

(A) പരോപകാര പ്രവർത്തനം
(B) ആരോഗ്യം അഭിവൃദ്ധിപ്പെടുത്തൽ
(C) ക്രമസമാധാനപാലനം
(D) അന്താരാഷ്ട്ര സൗഹൃദം വളർത്തൽ

54. കേരളത്തിൽ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയ വർഷം :

(A) 2011
(B) 2010
(C) 2012
(D) 2009

55. നാഷണൽ ടാലന്റ് സെർച്ച് സ്കീം നടപ്പിലാക്കാൻ നേതൃത്വം നൽകിയത് :

(A) NCERT
(B) MHRD
(C) NIEPA
(D) CBSE

56. ശ്വാസകോശത്തെ സാരമായി ബാധിക്കുന്ന ഒരു രോഗമാണ് :

(A) ടൈഫോയ്ഡ്
(B) നെഫ്രൈറ്റിസ്
(C) ബ്രോങ്കൈറ്റിസ്
(D) ഡെർമൈറ്റിസ്

57. "ഉത്സവവും പ്രദർശനവും കാണാൻ പോകുന്ന താത്പര്യത്തോടെ കുട്ടികൾ വിദ്യാലയത്തിലേക്ക് പോകണം" എന്ന് അഭിപ്രായപ്പെട്ട ദാർശനികൻ :

(A) ഫ്രോബൽ
(B) പെസ്റ്റലോസി
(C) റൂസ്സോ
(D) കൊമിനിയസ്

58. 'എല്ലാവർക്കും വിദ്യാഭ്യാസം' എന്ന ആഗോള പ്രഖ്യാപനം (1990) നടത്തിയ സ്ഥലം :

(A) തായ്ലാന്റ്
(B) ജനീവ
(C) ഹേഗ്
(D) ന്യൂയോർക്ക്



Join PSC WhatsApp Broadcast List : 90747 20773

59. ഗാന്ധിജിയുടെ വിദ്യാഭ്യാസ ദർശനത്തെ സ്വാധീനിച്ച ചിന്തകൻ :
(A) റൂസ്സോ
(B) ടോൾമാൻ
(C) റസ്കിൻ
(D) ജോൺ ഡ്യൂയി

60. ശാസ്ത്രപഠനത്തിനും ഗവേഷണത്തിനും കൂടുതൽ അനുയോജ്യമായ പഠനരീതി :
(A) ആഗമന രീതി
(B) നിഗമന രീതി
(C) ഉദ്ഗ്രഥന രീതി
(D) ക്രമീകൃത പഠന രീതി

61. ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസ ചാനൽ :
(A) വിക്ടേഴ്സ്
(B) വിദ്യാജ്യോതി
(C) ഏകലവ്യ
(D) ഗ്യാൻദർശൻ

62. വിദ്യാലയങ്ങളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന ഏജൻസി :
(A) BRC
(B) PTA
(C) VEC
(D) CRC

63. മോണ്ടിസോറി രീതിയുമായി യോജിക്കാത്തതേത്?
(A) അദ്ധ്യാപിക നിരീക്ഷകയോ മാർഗ്ഗദർശിയോ ആയി പ്രവർത്തിക്കുക
(B) വ്യക്തിഗത പരിശീലനത്തോടൊപ്പം സാമൂഹിക പരിശീലനവും നൽകുക
(C) ശിശുവികസനത്തിന് സമ്പന്നമായ പഠന സാഹചര്യം ഒരുക്കുക
(D) ഇന്ദ്രിയങ്ങളിലൂടെ അറിവും അനുഭവവും പകർന്നു കൊടുക്കുക

64. ജീവകം സിയുടെ കുറവുകൊണ്ടുണ്ടാകുന്ന രോഗം :
(A) സ്കർവി
(B) വർണ്ണാന്ധത
(C) അനീമിയ
(D) ഗോയിറ്റർ

65. ഐക്യരാഷ്ട്ര സഭ വിദ്യാഭ്യാസ വർഷമായി ആചരിച്ചത് :
(A) 1974
(B) 1970
(C) 1982
(D) 1976

66. പഠന പ്രക്രിയയിൽ പഠിതാവിന്റെ നേട്ടങ്ങളെ തുടർച്ചയായും ഘട്ടംഘട്ടമായും വിലയിരുത്തുന്ന സമ്പ്രദായമാണ് :
(A) ആത്യന്തിക മൂല്യനിർണ്ണയം
(B) സംരചനാ മൂല്യനിർണ്ണയം
(C) നിദാനശോധകം
(D) ക്ലാസ്സ്റൂം ഇന്ററാക്ഷൻ അനാലിസിസ്

67. ലോക റെഡ്ക്രോസ് ദിനം :
(A) സെപ്തംബർ 5
(B) ഒക്ടോബർ 24
(C) മെയ് 8
(D) ഏപ്രിൽ 7



Join PSC WhatsApp Broadcast List : 90747 20773

68. സമഗ്ര ശിശുവികസനം ലക്ഷ്യമാക്കി കേന്ദ്രഗവണ്മെന്റ് 1975-ൽ നടപ്പിലാക്കിയ പദ്ധതി :
(A) IEDC (B) ICDP
(C) NEEM (D) ICDS

69. വെള്ളത്തിൽ വീണ് മുങ്ങിയ വ്യക്തിക്ക് പ്രഥമ ശുശ്രൂഷ നൽകുമ്പോൾ ചെയ്യാൻ പാടില്ലാത്തതെന്ത്?
(A) രോഗിയോട് എഴുന്നേറ്റിരിക്കാൻ ആവശ്യപ്പെടുക
(B) കൈവിരൽ കൊണ്ട് വായ്, മൂക്ക് ഇവയിലെ ചെളി നീക്കം ചെയ്യുക
(C) കമിഴ്ത്തിക്കിടത്തി ഉദരഭാഗത്തിനു മുകളിലായി അമർത്തുക
(D) കൃത്രിമ ശ്വാസോച്ഛ്വാസം നൽകുക

70. 'ടീച്ചർ' എന്ന വിഖ്യാത കൃതിയുടെ കർത്താവ് :
(A) സ്റ്റെൻബർഗ് (B) ഹാൻസ്ഫോർത്ത്
(C) സിൽവിയ ആസ്റ്റൺ വാർണർ (D) കോൺസ്റ്റൻസ് വീവർ

71. ബ്രൂണർ നിർദ്ദേശിച്ച പഠന രീതി :
(A) കളി രീതി (B) ഇന്ദ്രിയ പരിശീലനം
(C) കണ്ടെത്തൽ പഠനം (D) ക്രമീകൃത പഠനം

72. അഭയാർത്ഥികളെ സഹായിക്കാനായി 'ട്രിക്ക്-ഓർ-ട്രീറ്റ് ബോക്സ്' സ്ക്കൂളുകളിൽ സ്ഥാപിച്ച് ധനശേഖരണം നടത്തുന്ന സംഘടന :
(A) UNESCO (B) UNICEF
(C) UNEP (D) WHO

73. കുട്ടി പ്രകൃതിയിൽ നിന്നും അനുഭവങ്ങളിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും മൂല്യങ്ങൾ സ്വായത്തമാക്കിക്കൊള്ളുമെന്ന് പ്രഖ്യാപിച്ച ദാർശനികൻ :
(A) ബ്രൂണർ (B) റൂസ്സോ
(C) കൊമീനിയസ് (D) ടാഗോർ

74. പ്രൈമറി ക്ലാസ്സിൽ നിശ്ചയിക്കപ്പെട്ട അദ്ധ്യാപക വിദ്യാർത്ഥി അനുപാതം :
(A) 1 : 30 (B) 1 : 40
(C) 1 : 45 (D) 1 : 50

75. പ്രീപ്രൈമറി പഠനത്തിന്റെ ലക്ഷ്യമല്ലാത്തത് :
(A) കുട്ടികളെ സാമൂഹ്യവൽക്കരണത്തിനു തയ്യാറാക്കുക
(B) വായന, ലേഖനം എന്നീ ശേഷികൾ വളർത്തുക
(C) പോഷകാഹാരം, രോഗപ്രതിരോധം
(D) തൊഴിലെടുക്കുന്നവരുടെ കുട്ടികൾക്ക് സംരക്ഷണം



Join PSC WhatsApp Broadcast List : 90747 20773

76. 1986-ലെ ദേശീയ വിദ്യാഭ്യാസ നിയമമനുസരിച്ച് സ്ഥാപിതമായ സ്കൂളുകൾ :

(A) കേന്ദ്രീയ വിദ്യാലയങ്ങൾ
(B) ഡോ. അംബേദ്കർ മെമ്മോറിയൽ സ്കൂളുകൾ
(C) സൈനിക സ്കൂളുകൾ
(D) നവോദയ സ്കൂളുകൾ

77. 'ഹൗ ജെർട്രൂഡ് ടീച്ചസ് ഹേർ ചിൽഡ്രൻ' എന്ന പ്രശസ്ത ഗ്രന്ഥമെഴുതിയത് :

(A) മറിയ മോണ്ടിസോറി
(B) പെസ്റ്റലോസി
(C) വാട്സൺ
(D) റൂസ്സോ

78. ബിഹേവിയറിസ്റ്റ് സിദ്ധാന്തങ്ങളുടെ പ്രധാന പോരായ്മയായി പറയപ്പെടുന്നത് :

(A) പഠനത്തിന്റെ ഭാഗമായ മാനസിക പ്രക്രിയയെ പരിഗണിച്ചില്ല
(B) പരീക്ഷണങ്ങളധികവും നിയന്ത്രിത സാഹചര്യത്തിൽ നടത്തി
(C) സമ്മാനങ്ങൾക്കും ശിക്ഷകൾക്കും അമിത പ്രാധാന്യം നൽകി
(D) വ്യതിരേക (variables) ങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല

79. ബി.സി.ജി. വഴി പ്രതിരോധിക്കാവുന്ന രോഗം :

(A) അഞ്ചാംപനി
(B) ക്ഷയരോഗം
(C) ടെറ്റനസ്
(D) കുഷ്ഠരോഗം

80. ഭാഷ സമാർജന ഉപകരണം (LAD) എന്ന ആശയത്തിന്റെ ഉപജ്ഞാതാവ് :

(A) വൈഗോട്സ്കി
(B) മെഹ്‌ലർ
(C) നോംചോംസ്കി
(D) ബ്ലൂം ഫീൽഡ്

81. ഒരു വിദ്യാർത്ഥിയുടെ വ്യക്തിവിവരങ്ങൾ വിശദമായി രേഖപ്പെടുത്തിയ സുപ്രധാന സ്കൂൾ രേഖ :

(A) ഹാജർ പട്ടിക
(B) ടി.സി. ഇഷ്യൂ രജിസ്റ്റർ
(C) സ്റ്റുഡന്റ് പ്രൊഫൈൽ
(D) സ്കൂൾ പ്രവേശന രജിസ്റ്റർ

82. വൈജ്ഞാനിക വികാസത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിൽ പിയാഷെ കൂടുതൽ ആഴത്തിൽ ചർച്ച ചെയ്യാത്തത് :

(A) സാമൂഹിക പരിതസ്ഥിതി
(B) അനുഭവങ്ങൾ
(C) പരിപക്വനം
(D) സന്തുലിതാവസ്ഥ

83. മനുഷ്യശരീരത്തിന്റെ സാധാരണ ഊഷ്മാവ് :

(A) 34.8°C
(B) 38.9°C
(C) 37.6°C
(D) 36.9°C



Join PSC WhatsApp Broadcast List : 90747 20773

PSCNET.in

84. റൂസ്സോയുടെ വിദ്യാഭ്യാസ ചിന്തകളുൾക്കൊള്ളുന്ന ഗ്രന്ഥം :
(A) ദി നേച്ചർ (B) ദി ചൈൽഡ്
(C) എമിലി (D) ആൽബർട്ട്

85. അദ്ധ്യാപകരുടെ സേവനകാല പരിശീലനത്തിന് നേതൃത്വം നൽകുന്നത് :
(A) SCERT (B) NCTE
(C) AICTE (D) CTET

86. ജീവകം $B_1$ ന്റെ അപര്യാപ്തതമൂലമുണ്ടാകുന്ന രോഗം :
(A) നിശാന്ധത (B) ഗോയിറ്റർ
(C) ബെറിബെറി (D) അനീമിയ

87. ചിൽഡ്രൻസ് ഹൗസ് എന്ന പേരിൽ വിദ്യാലയങ്ങൾ സ്ഥാപിച്ചത് :
(A) ഫ്രോബൽ (B) മോണ്ടിസോറി
(C) റേയ്ച്ചൽ മാർഗരറ്റ് (D) കെവിൻ

88. വിദ്യാർത്ഥിയുടെ വ്യക്തിഗത കഴിവുകൾ, മനോഭാവം തുടങ്ങിയവ വിലയിരുത്തുന്ന മൂല്യനിർണ്ണയ മേഖല :
(A) പാർട്ട് I (B) പാർട്ട് II
(C) പാർട്ട് III (D) ഇവയൊന്നുമല്ല

89. 1 മുതൽ 6 വരെ പ്രായമുള്ളവർക്കായി കൊമീനിയസ് നിർദ്ദേശിച്ച വിദ്യാലയം :
(A) പ്ലേ സ്ക്കൂൾ (B) വെർണാക്കുലർ സ്ക്കൂൾ
(C) ലാറ്റിൻ സ്ക്കൂൾ (D) മദർ സ്ക്കൂൾ

90. ശരീരത്തിൽ മെർക്കുറിയുടെ അംശം കൂടിയാൽ പിടിപെടുന്ന രോഗം :
(A) വിൽസൺസ് ഡിസീസ് (B) അൽഷിമേഴ്സ്
(C) ബോൺ ക്യാൻസർ (D) മീനമാതാ ഡിസീസ്

91. വിദ്യാഭ്യാസത്തിൽ 3 HS (Head, Heart, Hand) ന് പ്രാധാന്യം നൽകിയത് :
(A) റൂസ്സോ (B) ജോൺ ലോക്ക്
(C) കൊമീനിയസ് (D) പെസ്റ്റലോസി

92. ഭിന്ന നിലവാര (മൾട്ടിലെവൽ) പഠന തന്ത്രത്തിന്റെ സവിശേഷത :
(A) ഉയർന്ന നിലവാരത്തിലുള്ളവർ പരസ്പരം പഠന സഹായം നൽകുന്നു
(B) താഴ്ന്ന നിലവാരത്തിലുള്ളവർ പരസ്പരം പഠന സഹായം നൽകുന്നു
(C) വിഭിന്ന നിലവാരത്തിലുള്ളവർ പരസ്പരം സഹായിച്ച് പഠിക്കുന്നു
(D) വിഭിന്ന പ്രായത്തിലുള്ളവർ പരസ്പരം സഹായിച്ച് പഠിക്കുന്നു



Join PSC WhatsApp Broadcast List : 90747 20773

93. 'ഒരു പഠിതാവിന് സ്വയം എത്തിച്ചേരാവുന്നതിൽ നിന്നും ഉയർന്ന പഠനമേഖലകളിലെത്താൻ സഹപാഠികളും മുതിർന്നവരും സഹായിക്കണം' - എന്ന് നിർദ്ദേശിച്ച ശാസ്ത്രജ്ഞൻ :
   - (A) വൈഗോട്സ്കി
   - (B) പിയാഷെ
   - (C) ബ്രൂണർ
   - (D) എറിക്സൺ

94. ജോൺ ഡ്യൂയി ആരംഭിച്ച പരീക്ഷണ വിദ്യാലയം :
   - (A) ഫ്രീ സ്ക്കൂൾ
   - (B) യൂണിവേഴ്സിറ്റി എലിമെന്ററി സ്ക്കൂൾ
   - (C) കമ്മ്യൂണിറ്റി സ്ക്കൂൾ
   - (D) പ്ലേ സ്ക്കൂൾ

95. ഭൂപടം നിരീക്ഷിച്ച് സ്ഥാനം നിർണ്ണയിക്കൽ, കൊളാഷ് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ ഏത് M.I. മേഖലയ്ക്ക് സഹായകമാണ്?
   - (A) പ്രകൃതിപരമായ ബുദ്ധി
   - (B) ശാരീരിക-ചലനപര ബുദ്ധി
   - (C) ദൃശ്യസ്ഥലപര ബുദ്ധി
   - (D) ഭാഷാപരമായ ബുദ്ധി

96. പൊതു വിദ്യാഭ്യാസത്തേക്കാൾ സ്വകാര്യവിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയ ദാർശനികൻ :
   - (A) എറിക്സൺ
   - (B) ബ്രൂണർ
   - (C) റിച്ചാഡ്സൺ
   - (D) ജോൺ ലോക്ക്

97. വൈജ്ഞാനികവും മാനസികവുമായ അസന്തുലിതാവസ്ഥ പഠനത്തിലേക്ക് നയിക്കുന്നുവെന്ന് അഭിപ്രായപ്പെട്ട ശാസ്ത്രജ്ഞൻ :
   - (A) ബ്രൂണർ
   - (B) പിയാഷെ
   - (C) ഗോൾമാൻ
   - (D) ബ്ലൂംഫീൽഡ്

98. പ്രധാനാദ്ധ്യാപകന്റെ ഉത്തരവാദിത്തത്തിൽ സ്ക്കൂളുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ തീയ്യതി സഹിതം എഴുതി തയ്യാറാക്കേണ്ട രേഖ :
   - (A) ലോഗ് ബുക്ക്
   - (B) മൂവ്മെന്റ് രജിസ്റ്റർ
   - (C) മെമ്മോ ബുക്ക്
   - (D) ഫാക്ച്വൽ ഡയറി

99. മനുഷ്യന്റെ നാഡിസ്പന്ദനത്തിന്റെ സാധാരണ നിരക്ക് :
   - (A) മിനിട്ടിൽ 70 മുതൽ 80 വരെ
   - (B) മിനിട്ടിൽ 50 മുതൽ 60 വരെ
   - (C) മിനിട്ടിൽ 60 മുതൽ 70 വരെ
   - (D) മിനിട്ടിൽ 40 മുതൽ 50 വരെ

100. സന്മാർഗ്ഗപാഠങ്ങൾക്ക് നൽകുന്ന അമിതമായ ഊന്നൽ കുട്ടികളുടെ വളർച്ചയ്ക്ക് ദോഷം ചെയ്യുമെന്ന് പറഞ്ഞ ദാർശനികൻ :
   - (A) ജോൺ ഡ്യൂയി
   - (B) കൊമീനിയസ്
   - (C) പെസ്റ്റലോസി
   - (D) റൂസ്സോ



Join PSC WhatsApp Broadcast List : 90747 20773